"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതുഭരണ വകുപ്പ് - വിവരാവകാശ നിയമം, 2005 പ്രകാരം ഡിമാൻഡ് ഡ്രാഫ്റ്റ്/ബാങ്കേഴ്സ് ചെക്ക്/പേ ഓർഡർ എന്നിവ മുഖേന ഒടുക്കുന്ന തുക '0070-60-118-99-00-Receipts under Right to Information Act, 2005' എന്ന ശീർഷകത്തിലേയ്ക്ക് വകയിരുത്തുന്നതിനും, ടി ശീർഷകത്തിന്റെ റീഫണ്ട് അധികാരിയായും പൊതുഭരണ (അക്കൗണ്ട്സ്-ജെ) വകുപ്പിലെ അണ്ടർ സെക്രട്ടറിയെ/ഡി.ഡി.ഒ-യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.1583/2026/GAD തീയതി,തിരുവനന്തപുരം, 30-03-2026

---

പരാമർശം:- 1. 09/05/2006-ലെ 11259/CDN5/2006/GAD നമ്പർ വിജ്ഞാപനം.

2. സ.ഉ.(അച്ചടി) നം.30/2021/പൊഭവ തിയതി 28/10/2021.
3. സ.ഉ.(അച്ചടി) നം.71/2025/ധന തിയതി 31/05/2025.
4. സ.ഉ.(അച്ചടി) നം.150/2025/ധന തിയതി 12/12/2025.

<u>ഉത്തരവ്</u>

വിവരാവകാശ നിയമം, 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾക്കും വിവരങ്ങളുടെ പകർപ്പുകൾക്കും സൂചന (1)-ൽ പരാമർശിച്ചിട്ടുള്ള പ്രകാരം 0070-60-118-99-00-Receipts under Right to Information Act, 2005 എന്ന ശീർഷകത്തിലോ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഔദ്യോഗിക നാമത്തിലെടുത്ത ഡിമാൻഡ് ഡ്രാഫ്റ്റ്/ബാങ്കേഴ്സ് ചെക്ക്/പേ ഓർഡർ എന്നിവ മുഖേനയോ ഫീസ് ഒടുക്കാവുന്നതാണ്. ഇപ്രകാരം ഡിമാൻഡ് ഡ്രാഫ്റ്റ്/ബാങ്കേഴ്സ് ചെക്ക്/പേ ഓർഡർ എന്നിവ മുഖേന ലഭിക്കുന്ന തുക '0070-60-118-99-00-Receipts under Right to Information Act, 2005' എന്ന ശീർഷകത്തിലേയ്ക്ക് വകയിരുത്തുന്നതിനായി ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ സമർപ്പിക്കാവുന്നതാണെന്നും ടി ഉത്തരവിലെ 5-ാം ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്.

2) സൂചന (3) പ്രകാരം 0070-60-118-99-00-Receipts under Right to Information Act, 2005 എന്ന ശീർഷകത്തിൽ ട്രഷറി മുഖേന അധികമായി ഒടുക്കിയ തുക തിരികെ നൽകേണ്ടി വരുന്ന സാഹചര്യത്തിൽ അതത് വകുപ്പിന്റെ/സ്ഥാപനത്തിന്റെ/ഓഫീസിന്റെ ചുമതലയുള്ള ഡി.ഡി.ഒ.-മാരെ മേൽ ശീർഷകത്തിന്റെ റീ ഫണ്ട് അധികാരിയായി നിയോഗിച്ചു കൊണ്ടും, സൂചന (4) പ്രകാരം ടി ശീർഷകത്തിൽ അധികമായി ഒടുക്കിയ തുക 1,000/- രൂപ എന്ന പരിധിയ്ക്ക് വിധേയമായി തിരികെ നൽകുന്നതിനുള്ള അധികാരം ഡി.ഡി.ഒ.മാർക്ക് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3) പൊതുഭരണ വകുപ്പിലെ ഓരോ വകുപ്പിലും പ്രത്യേകം ഡി.ഡി.ഒ.-മാർ ഇല്ല. അതിനാൽ, വിവരാവകാശ നിയമം, 2005, പ്രകാരം പൊതുഭരണ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ

ഓഫീസർമാരുടെ ഔദ്യോഗിക നാമത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റ്/ബാങ്കേഴ്സ് ചെക്ക്/പേ ഓർഡർ എന്നിവ മുഖേന ലഭിക്കുന്ന തുക 0070-60-118-99-00-Receipts under Right to Information Act, 2005 എന്ന ശീർഷകത്തിലേയ്ക്ക് വകയിരുത്തുന്നതിനായും പ്രസ്തുത ശീർഷകത്തിന്റെ റീഫണ്ട് അധികാരിയായും പൊതുഭരണ (അക്കൗണ്ട്സ്-ജെ) വകുപ്പിലെ അണ്ടർ സെക്രട്ടറിയെ/ഡി.ഡി.ഒ-യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. നിയമ, ധനകാര്യ വകുപ്പുകൾ ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഡി.ഡി.ഒ.-യെ ചുമതലപ്പെടുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4) വിവരാവകാശ നിയമം, 2005, പ്രകാരം ഡിമാൻഡ് ഡ്രാഫ്റ്റ്/ബാങ്കേഴ്സ് ചെക്ക്/പേ ഓർഡർ എന്നിവ മുഖേന പൊതുഭരണ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് ലഭിക്കുന്ന ഫീസ് മേൽ ശീർഷകത്തിലേയ്ക്ക് വകയിരുത്തുന്നതിനായി പൊതുഭരണ (അക്കൗണ്ട്സ്-ജെ) വകുപ്പിലെ അണ്ടർ സെക്രട്ടറി/ഡി.ഡി.ഒ-യ്ക്ക് രേഖാമൂലം കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പൊതുഭരണ (അക്കൗണ്ട്സ്–ജെ) വകുപ്പ്
സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
(ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (CDN5/38/2026-GAD).

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 31-03-2026 11:16:57